## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 954      14.06.2012 ൽ മറുപടിക്ക്

## 2010 ൽ സംസ്ഥാനത്ത് ആരംഭിച്ച ഹയർ സെക്കന്ററി സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ . ഇ. ചന്ദ്രശേഖരൻ** | **ശ്രീ. പി.കെ. അബ്ദു റബ്ബ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി** |
| എ. 2010-ൽ ആകെ എത്ര ഹയർ സെക്കന്ററി സ്കൂളുകളാണ് അനുവദിച്ചിരുന്നതെന്നറിയിക്കാമോ | 182 സ്കൂളുകൾ |
| ബി. ഇവയിലെല്ലാം കൂടി എത്ര തസ്തികകളാണ് സൃഷ്ടിച്ചിരുന്നതെന്നും അവയിൽ എത്ര നിയമനം നടന്നുവെന്നും വ്യക്തമാക്കുമോ; | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് 2010-2011 വർഷത്തിലേക്കായി എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) 239 ഉം, എച്ച്.എസ്.എസ്.റ്റി 23 ഉം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലേക്കായി 2010-2011 വർഷത്തിലേക്കായി എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) 1510 ഉം, എച്ച്.എസ്.എസ്.റ്റി 110 ഉം പ്രിൻസിപ്പൽ 146 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| സി. നിയമനം നടന്നതിൽ എത്രയെണ്ണം സർക്കാർ അംഗീകരിക്കാൻ ബാക്കിയുണ്ടെന്നും അത് എന്തുകൊണ്ടാണെന്നും അറിയിക്കാമോ ; | എയ്ഡഡ് സ്കൂളുകളിലേക്കായി സൃഷ്ടിച്ച തസ്തികകളിൽ ആകെ 596 നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ട്. 1024 തസ്തികകളിലെ നിയമനങ്ങൾ കൂടി |

| | |
|---|---|
| | അംഗീകരിക്കുവാനുണ്ട്. നിയമന അംഗീകാരത്തിനുവേണ്ടി സമർപ്പിച്ച പ്രൊപ്പോസലുകളിൽ കേരളത്തിനു പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകളുടെ ആധികാരികത ലഭിക്കുന്നതിനുള്ള കാലതാമസവും പുതിയ സ്കൂളുകളെ സംബന്ധിച്ച് നിലവിലുള്ള കോടതി കേസുകളും, ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിൽ വിശദവിവര റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതിനാലും നിലവിലുള്ള ജോലി ഭാരമനുസരിച്ചുള്ള തസ്തികകൾ ആർ.ഡി.ഡി ഓഫീസുകളിൽ നിലവിലില്ലാത്തതുമാണ് നിയമനാംഗീകാര നടപടികളുടെ കാലതാമസത്തിന് കാരണം. |
| **ഡി, പ്രസ്തുത നിയമനങ്ങൾ അംഗീകരിച്ച്, അവർക്ക് ശമ്പളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?** | നിയമന നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ